Kudumbashree
State Poverty Eradication Mission
Local Self Govt.Department, Govt.of Kerala

***5898/F/2008/KSHO*** ***26/08/2015***

പ്രേക്ഷിത

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

സ്വീകർത്താവ്

എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും

സർ,

വിഷയം: കുടുംബശ്രീ - ഭാരവാഹികൾക്ക് ഓണറേറിയം നൽകുന്നത് - സംബന്ധിച്ച്.

ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും, സ്ത്രീശാക്തീകരണത്തിനും രൂപം നൽകിയ കുടുംബശ്രീ പ്രസ്ഥാനം നഗരസഭകളോടൊത്തുചേർന്ന്, നഗരസഭയുടെ അനിവാര്യ ചുമതലകളിൽ ഒന്നായ "നഗര ദാരിദ്ര്യ ലഘൂകരണം" എന്ന വെല്ലുവിളി ഏറ്റെടുക്കുകയും നല്ലൊരു പരിധിവരെ ആയത് തരണം ചെയ്യുന്നതിന് നഗരസഭകളെ സഹായിച്ചിട്ടുള്ളതുമാണ്. സാമൂഹിക സംഘാടനത്തിലൂടെ വിവിധ ചുമതല കമ്മിറ്റികളിൽ ഇന്ന് നിരവധി വനിതകൾ മുഴുസമയ പ്രവർത്തകരായുണ്ട്. ഇവർക്ക് എസ്ജെഎസ്ആർവൈ പദ്ധതി പ്രകാരം ഓണറേറിയം നൽകി വന്നിരുന്നു. എന്നാൽ 2013 മാർച്ചിൽ എസ്ജെഎസ്ആർവൈ പദ്ധതി അവസാനിപ്പിച്ചതിനാൽ നിലവിൽ സിഡിഎസ് ഭാരവാഹികൾക്ക് ഓണറേറിയം നൽകാൻ കഴിയുന്നില്ല. ഇത് കുടുംബശ്രീ സംഘടനാ സംവിധാനത്തേയും പ്രവർത്തനത്തേയും സാരമായി ബാധിച്ചിട്ടുണ്ട്. നിലവിൽ 14 നഗരങ്ങളിൽ നടപ്പിലാക്കുന്ന എൻയുഎൽഎം പദ്ധതി പ്രകാരവും ഇത്തരത്തിൽ ഓണറേറിയം നൽകാൻ സാധിക്കുന്നില്ല.

ടി വിഷയം വിശദമായി പരിശോധിച്ചിട്ടുള്ളതും ആയതിന് ശാശ്വതപരിഹാരം ഉണ്ടാകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നതുമാണ്. ചില നഗരസഭകളിൽ ദീർഘകാലമായി ഓണറേറിയം നൽകാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ സിഡിഎസ് ചെയർപേഴ്സൺ, സിഡിഎസ് അക്കൗണ്ടന്റ്, കമ്മ്യൂണിറ്റി ഓർഗനൈസർമാർ എന്നിവർക്ക് നൽകാനുള്ള കുടിശ്ശികയും തുടർന്നുള്ള വേതനവും നഗരസഭയുടെ 284-ാം വകുപ്പ് അനുസരിച്ചുള്ള ദാരിദ്ര്യ നിർമ്മാർജ്ജന ഫണ്ടിൽ നിന്നും തനതു ഫണ്ടിൽ നിന്നും നൽകേണ്ടതാണ്. തുടർന്ന് ടി വിഷയത്തിൽ സർക്കാർ തലത്തിൽ അന്തിമ തീരുമാനത്തിന് വിധേയമായിട്ടാണ് ഈ നിർദ്ദേശം.

Valsala

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

Trida Buildings, Medical College P.O., Thiruvananthapuram-695 011
Tel: 0471-2554714, 2554715 (O) Fax: 0471-2554717 e-mail: info@kudumbashree.org
www.kudumbashree.org